# Bulletin

*Irinjalakuda Diocese*

2022 AUGUST
Vol. 09 Issue : 08



“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് ”
(മത്തായി 25 : 40)



“എന്റെ കർത്താവേ എന്റെ ദൈവമേ”
(യോഹന്നാൻ 20:28)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

## SAHṚDAYA-*tech*
Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

### Courses Offered:
Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

## SAHṚDAYA
COLLEGE OF ADVANCED STUDIES

EVER TO EXCEL

P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

### MBA @ SIMS Courses Offered:
Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management



HIS HOLINESS

# POPE FRANCIS

Invokes the joy and peace of our Lord Jesus Christ
on the blessed event of celebrating the
Great Jubilee of the 1950th
Traditional Anniversary
of the Martyrdom of St. Thomas, the Apostle,
and imparts
upon

**Rt. Rev. Pauly Kannookadan**

The Priests, Religious and the Faithful of the Diocese of Irinjalakuda,
his Apostolic Blessing.

+Leopoldo Girelli

New Delhi, 30 June 2022

Archbishop Leopoldo Girelli
*Apostolic Nuncio*

## പൂർണ്ണ ദണ്ഡവിമോചനം – ഡിക്രി

Prot. N. 845/22/I

# DECRETUM

*PAENITENTIARIA APOSTOLICA, ad augendam fidelium religionem animarumque salutem, vi facultatum sibi specialissimo modo a Sanctissimo in Christo Patre et Domino Nostro, Domino Francisco Divina Providentia Papa tributarum, attentis precibus nuper allatis a Rev.do P. Thoma Chathamparampil, Priore Generali Congregationis Fratrum Carmelitarum Beatae Virginis Mariae Immaculatae de "Kochi", Coccinensis Dioeceseos, occasione sollemnium in honorem Sancti Thomae Apostoli celebrationum quae, a die III Iulii MMXXII usque ad diem III Iulii MMXXIII peragentur, de caelestibus Ecclesiae thesauris benigne concedit plenariam Indulgentiam, suetis sub condicionibus (sacramentali Confessione, eucharistica Communione et oratione ad mentem Summi Pontificis) a christifidelibus vere paenitentibus atque caritate compulsis lucrandam, quam etiam animabus fidelium in Purgatorio detentis per modum suffragii applicare possint, si Pontificale Sanctuarium v. "Mar Thoma" nuncupatum de "Azhikode", praefatae Dioeceseos, turmatim vel singillatim in forma peregrinationis inviserint et iubilaribus ritibus devote interfuerint, vel saltem coram Sancti Thomae exuviis per congruum temporis spatium piis vacaverint considerationibus, concludendis Oratione Dominica, Symbolo Fidei invocationibusque Beatae Mariae Virginis et Sancti Thomae Apostoli.*

*Senes, infirmi omnesque qui gravi causa domo exire nequeunt, pariter plenariam consequi poterunt Indulgentiam, concepta detestatione cuiusque peccati et intentione praestandi, ubi primum licuerit, tres consuetas condiciones, si coram aliqua Sancti Thomae imagine iubilaribus celebrationibus se spiritaliter adiunxerint, precibus doloribusque suis vel incommodis propriae vitae misericordi Deo oblatis.*

*Quo igitur accessus, ad divinam veniam per Ecclesiae claves consequendam, facilior pro pastorali caritate evadat, haec Paenitentiaria enixe rogat ut Patres ex Congregatione Fratrum Carmelitarum Beatae Virginis Mariae Immaculatae, quibus Sanctuarium commissum est, prompto et generoso animo, celebrationi Paenitentiae sese praebeant ac S. Communionem infirmis saepe ministrent.*

*Praesenti pro hac vice tantum Sancti Thomae Apostoli valituro. Non obstantibus in contrarium facientibus quibuscumque.*

*Datum Romae, ex aedibus Paenitentiariae Apostolicae, die I mensis Iulii, anno Dominicae Incarnationis MMXXII.*

Maurus Card. Piacenza
Paenitentiarius maior

Christophorus Nykiel
Regens

# മാർതോമാശ്ലീഹായുടെ 1950–ാം രക്തസാക്ഷിത്വതിരുനാൾ
# കൊടുങ്ങല്ലൂർ – അഴീക്കോട് തീർത്ഥാടനം
# 2022 ജൂലൈ 2, ശനിയാഴ്ച





# Sacerdotal Golden Jubilee Greetings



Rev. Fr. Paul Elamkunnapuzha



Rev. Fr. Sebastian Ezhekadan



Rev. Fr. Varghese O. Vazhapilly

# Sacerdotal Silver Jubilee Greetings

## Diocese of Irinjalakuda



Rev. Fr. Shaju Kachapilly



Rev. Fr. Liju Paul Parambeth



Rev. Fr. Anto Karippai



Rev. Fr. Varghese Arikatt (Jr.)



Rev. Fr. Joshi Paliakkara

**Thanksgiving Mass: PACS Kallettumkara, 11th August, Thursday 2022**

MY LORD, MY GOD

AUGUST - 2022

Vol.: 09 Issue: 08

# Bulletin Irinjalakuda Diocese

***Address:***
Eparchial Curia
Bishop’s House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820
0480 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com

***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 08 |
| Address of the Apostolic Nuncio | 10 |
| പൂർണ്ണ ദണ്ഡവിമോചനം - പരിഭാഷ | 13 |
| തടവറ പ്രേഷിത ഞായർ | 14 |
| ജസ്റ്റീസ് സൺഡേ | 18 |
| കച്ചേരികാര്യങ്ങൾ | 23 |
| ആദരാഞ്ജലികൾ | 26 |
| അനുസ്മരണദിനങ്ങൾ | 29 |
| പാക്സ് | 29 |
| മതബോധനം | 30 |
| ബ്ലസ് എ ഹോം | 32 |
| നവചൈതന്യ | 33 |
| സ്പിരിച്ച്വാലിറ്റി സെന്റർ | 34 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 35 |
| സിൽച്ചാർ മിഷൻ | 37 |
| സ്മരണാഞ്ജലി | 38 |
| ഇടയന്റെ ഇന്നലെകൾ | 39 |







പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

കേരളസഭാനവീകരണത്തിനായുള്ള പ്രത്യേക കാലഘട്ടമായി 2022 മുതൽ 2025 വരെയുള്ള വർഷങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഇതിനായുള്ള മാർഗ്ഗരേഖയിൽ അവതരിപ്പിക്കുന്ന നവീകരണത്തിനായുള്ള അടിസ്ഥാനഭാവങ്ങൾ കൂട്ടായ്മയും പ്രേഷിതാഭിമുഖ്യവുമാണ്. കൂട്ടായ്മയെക്കുറിച്ച് മുൻ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. പ്രേഷിതാഭിമുഖ്യത്തെകുറിച്ചാണ് ഈ ലക്കത്തിൽ പ്രതിപാദിക്കുന്നത്.

പ്രേഷിതാഭിമുഖ്യത്തിൽ രണ്ടു തലങ്ങളാണ്. ഒന്ന് സുവിശേഷമാകണം രണ്ട് സുവിശേഷമേകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിതന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യമായി നടക്കേണ്ടത്. അതിനുശേഷമാണ് മറ്റുള്ളവർക്കുവേണ്ടി സുവിശേഷം പ്രഘോഷിക്കേണ്ടത്. ഫ്രാൻസിസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത് സഭയെ നമ്മൾ ഒരു NGO ആക്കരുത് എന്നാണ്. NGO മറ്റുള്ളവർക്കുവേണ്ടി മാത്രം പ്രവർത്തിക്കുവാനുള്ള സംവിധാനമാണ്. സുവിശേഷ മൂല്യങ്ങൾ ആദ്യംതന്നെ സഭയുടെ അകവും പുറവും നിർണ്ണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്.

എല്ലാ ക്രൈസ്തവരും മാമ്മോദീസ സ്വീകരിച്ചുകഴിയുമ്പോൾ അയയ്ക്കപ്പെടുവാൻ വിളിക്കപ്പെടുകയാണ്. അങ്ങനെ അയയ്ക്കപ്പെടുവാൻ സഭാംഗങ്ങൾ സ്വയം മാനസാന്തരത്തിന് തയ്യാറാകണം. ഓരോ ക്രൈസ്തവന്റെയും ദൗത്യമാണ് സുവിശേഷമാകുകയും സുവിശേഷമേകുകയും എന്നത്. എന്നാൽ സഭയെ അതിന്റെ പുരോഹിതഘടകത്തിലേക്ക് ചുരുക്കുവാനുള്ള പ്രലോഭനം നമുക്കുണ്ട്. എന്നാൽ അതൊരിക്കലും യാഥാർത്ഥ്യത്തോട് യോജിക്കുന്നതല്ല. ഓരോ ക്രൈസതവനും പൗരോഹിത്യശുശ്രൂഷയിലോ സമർപ്പിത ജീവിതത്തിലോ കുടുംബജീവിതത്തിലോ ആയിക്കൊള്ളട്ടെ ഈ

പ്രേഷിതദൗത്യം തങ്ങളുടെ ജീവിതാന്തസ്സിന് അനുസൃതമായി പ്രായോഗികമാക്കണം. ഒരാളും വൈദികനൊ, സമർപ്പിതനൊ/സമർപ്പിതയൊ, മെത്രാനൊ ആയി മാമ്മോദീസ സ്വീകരിക്കുന്നില്ല. അല്മായരായിട്ടാണ് നമ്മൾ ജ്ഞാനസ്നാനപ്പെട്ടത്. അത് നമ്മിൽ മായാത്ത മുദ്ര പതിപ്പിക്കുകയും ചെയ്തു. ഈ കൂദാശയാണ് പ്രേഷിത കൂദാശ. ഈ പ്രേഷിതകൂദാശ സ്വീകരിച്ച എല്ലാവരും സ്വയം പ്രേഷിതാഭിമുഖ്യമുള്ളവരായി മാറി മറ്റുള്ളവരിലേക്ക് സുവിശേഷസന്ദേശം കൈമാറണം.

സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് സഭയുടെ എല്ലാ തലങ്ങളിലും നിറഞ്ഞുനിൽക്കേണ്ടത്. വൈദികരും സന്യസ്തരും പ്രേഷിത തീക്ഷ്ണതയുള്ള അജപാലനശുശ്രൂഷയ്ക്കാണ് നേതൃത്വം നൽകേണ്ടത്. സഭയുടെ അജപാലന ശുശ്രൂഷയും പ്രേഷിത ശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. അവർ പരസ്പരപൂരകങ്ങളാണ്. അജപാലനശുശ്രൂഷയ്ക്കും ഭവനസന്ദർശനങ്ങൾക്കും സഹഗമനത്തിനുമൊക്കെ വൈദികരും സമർപ്പിതരും സമയം കണ്ടെത്തണം. അല്മായരാകട്ടെ, ഓരോ പുരുഷനും സ്ത്രീയും സഭയിലും സമൂഹത്തിലും സുപ്രധാനമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് അവയുടെ നിർവ്വഹണത്തിൽ ക്രൈസ്തവ സാക്ഷ്യം പ്രകടമാക്കണം. അല്മായർ സഭയ്ക്കുള്ളിലെ ദൗത്യങ്ങളിൽ മാത്രം തളയ്ക്കപ്പെടാതെ സമൂഹത്തിന്റെ പരിവർത്തനത്തിനാവശ്യമായവിധം സുവിശേഷസാക്ഷികളാകുവാൻ പരിശ്രമിക്കണം. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി പ്രേഷിതത്വപരമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടവരാണ് സഭാമക്കൾ.

പ്രേഷിതദൗത്യ നിർവ്വഹണം ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽനിന്ന് ആരംഭിച്ച് സഹോദരനെ കണ്ടുമുട്ടുന്നതിൽ എത്തിനിൽക്കണം. അങ്ങനെ നാം കണ്ടുമുട്ടുന്ന എല്ലാവരിലേക്കും യേശുവിനെയും, യേശുവിന്റെ മൂല്യങ്ങളെയും എത്തിക്കുവാൻ സാധിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.07.2022

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

APOSTOLIC NUNCIATURE
IN INDIA

ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ലിയോപോൾദോ ജിറെല്ലി, മാർത്തോമ്മ ശ്ലീഹയുടെ 1950-ാം രക്തസാക്ഷിത്വ വാർഷികത്തിൽ ഇരിങ്ങാലക്കുട രൂപതാംഗങ്ങൾക്ക് നൽകിയ സന്ദേശം.

[Address of H.E. Abp. Leopoldo Girelli, Ap. Nuncio on the occasion of the 1950th Anniversary Celebration of Martyrdom of St. Thomas, the Apostle, held at Mar Thoma Pontifical Shrine, Azhikode, Kodungallur, Irinjalakuda Saturday, 2 July 2022, 11.45 AM]

His Grace, Most Rev. Andrews Thazhath, Metropolitan Archbishop of Trichur, His Grace, Most Rev. George Panikulam, Ap. Nuncio Emeritus to Uruguay, His Lordship, Rt. Rev. Pauly Kannookadan, Bishop of Irinjalakuda
His Lordship, Rt. Rev. Peter Kochupurackal, Bishop of Palghat
His Lordship, Rt. Rev. Joseph Karikkassery, Bishop of Kottapuram
His Lordship, Rt. Rev. Sebastian Vaniyapurackal, Curia Bishop of the Syro-Malabar Church
Rev. Fr. Davis Panackal, CMI Provincial Superior of Trichur Province
Rev. Fr. Davis Kachapilly, CMI, Rector of the Shrine

Reverend Fathers, Sisters, and lay faithful in Our Lord Jesus Christ,

I am truly pleased to be present with you in this impressive Mar Thoma Pontifical Shrine, Azhikode, Kodungallur, in the Diocese of Irinjalakuda and assist at the Holy Qurbana, on the occasion of 1950th traditional anniversary celebration of the martyrdom of St. Thomas, the Apostle.

Right from 17 June 2022, your Diocese has begun spiritual preparations for this event, and which today, has culminated in the Holy

Eucharistic celebration and a pilgrimage of 1,950 participants of the Diocese and other Dioceses, including religious men and women and lay faithful, from St. Thomas Square at Kodungallur to the Pontifical Shrine at Azhikode. In this regard, I recollect the inspiring words of St. John Paul II, who stated: "To go in a spirit of prayer from one place to another, from one city to another, in the area marked especially by God's intervention, helps us not only to live our life as a journey, but also gives us a vivid sense of a God who has gone before us and leads us on, who himself set out on man's path, a God who does not look down on us from on high, but who became our travelling companion. The pilgrimage to the Holy Places thus becomes a highly meaningful experience" *(Letter concerning Pilgrimages linked to places of salvation,* 29 June 1999, no. 10)

On 22 June 1978, with the decree of St. Paul VI, 'Trichuriensis Eparchiae', the Eparchy of Irinjalakuda including the town Kodungaloor, was erected, by bifurcating the Eparchy of Trichur. Your Diocese presently has about 2,66,018 (two lakh sixty-six thousand and eighteen) Catholics, 136 parishes, 2 quasi-parishes, and 6 mission stations. You have 274 diocesan priests, 525 religious priests, 3,200 religious sisters, 22 religious brothers, 93 seminarians working actively in the vineyard of the Lord. Your Diocese has also formed forums for different professionals such as doctors, lawyers, engineers and advocates, to empower them with Christian values. The Diocesan Bible Apostolate, the Catechism Department with its numerous catechists, and the Pastoral Animation Centre carry out the work of evangelization. You have a huge number of associations that render invaluable service to the Church. In a particular way, the Diocesan Social Action Forum undertakes a number of noteworthy social activities such as hospices for incurables, charitable works of St. James Hospital, concession and scholarships for poor and needy students, care and rehabilitation of the differently abled children and young persons, and building houses and giving financial support to the homeless.

On this unique occasion of our fond remembrance of the Apostle Thomas, I would like to highlight two of his characteristics in the Gospels. *First,* upon hearing the news that Jesus decided to go to Bethany in Judea, Thomas responded to his fellow disciples, "Let us go too, so that we may die with him" (John 11:16). Thomas was concerned about dying for Jesus. He knew perfectly well the hostile attitude of the religious leaders to Jesus at this time. (cfr. John 11:8). His determination to follow his Master is truly exemplary. It reveals his total readiness to stand by Jesus and to share with Jesus the supreme trial of death.

Second, when Jesus stood among the disciples and told Thomas "Doubt no longer but believe" (John 20:27), Thomas reacts with the most splendid profession of faith in the whole of the New Testament: "My Lord and my God!" (Jn 20: 28). It reveals the heart of prayer as a call to adoration and communion with God. Thomas found in Jesus, his life's greatest treasure, the Lord. Pope Francis vividly stated that "the wounds of Jesus are a scandal, a stumbling block for faith, yet they are also the test of faith. That is why on the body of the risen Christ the wounds never pass away: they remain, for those wounds are the enduring sign of God's love for us. They are essential for believing in God. Not only for believing that God exists, but for believing that God is love, mercy and faithfulness" (Homily, 27 April 2014).

I thank you for your lives of faith and the support you give to the spread of the Gospel and at the same time wish to encourage the evangelical zeal and activity of every priest, religious, and lay faithful of your Diocese. May the Sacred Heart of Jesus, your Patron fill your hearts with his love! May your co-patron St. Thomas the Apostle, bring you in closer contact with the Lord Jesus Christ and strengthen your faith in Him. And finally, I extend the Blessing of the Holy Father, Pope Francis, on each and every one of you, assuring you of my prayers and good wishes.

**Archbishop Leopoldo Girelli**
Apostolic Nuncio to India

Prot No. 845/22/1

## പൂർണ്ണ ദണ്ഡവിമോചനം : ഡിക്രി

**Decree on a plenary Indulgence at Marthoma Shrine, Azhikode**

In promotion of devotion of the faithful and salvation of souls, the Apostolic Penitentiary, by virtue of the authority given by our Holy Father in Christ our Lord, Pope Francis, in Divine Providence, and in response to the letter of Rev Fr Thomas Chathamparambil, Prior General of the Confrères in the Congregation of the Carmelites of Blessed Mary Immaculate, Kochi, on the occasion of the Solemnities in honour of St. Thomas, the Apostle, which will take place from 03 July, 2022 to 03 July, 2023, kindly grants from the heavenly treasures of the Church, a Plenary Indulgence to all the faithful and devout pilgrims to the Pontifical Shrine called "Mar Thoma" at Azhikode, to be obtained under the usual conditions (of making Sacramental Confession, receiving Eucharistic Communion, and saying a prayer to the intention of the Supreme Pontiff) by the Christian faithful being truly Penitential, and when they, prompted by Charity, can indeed also apply the same to the souls of the faithful bound in Purgatory, by way of suffrage, when they take part either alone or as a group in the sacred Jubilee celebrations in honour of Mar Thoma the Apostle, to be concluded in the Pontifical Shrine.

The aged, the sick and all those who, owing to grave reason, are not able to leave home, will be equally able to obtain the Plenary Indulgence, if they have the disposition of detachment from any kind of sin, along with the intention of fulfilling, as soon as they are able, the three customary conditions, and if they in spirit join themselves in the jubilee celebrations, facing towards any image of St Thomas made available by way of television, radio, or also through the modern instruments of social media, and also when they will have offered their prayers, sufferings, or infirmities of their life to the merciful Lord.

Therefore, and in order that easier access to attainment of this divine favour going forth through the keys of the Church, for the sake of pastoral charity, this Penitentiary earnestly exhorts that Fathers with suitable faculties to hear Confession from the Congregation of Carmelites of Mary Immaculate to whom the Shrine is entrusted, make themselves available for the celebration of Penance with a willing and generous spirit. The present decree will remain valid only for this event of St. Thomas, the Apostle, anything whatsoever to the contrary notwithstanding.

Given Rome, from the Office of the Apostolic Penitentiary, on 01 July, 2022, in the year of Lord, 2022

*Maurus Cardinal Piacenza*
*Major Penitentiary*

Ref:3736/K-5/KCBC/OL/DS

# തടവറ പ്രേഷിത ഞായർ

**ആഗസ്റ്റ് 14, 2022**

**സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും**

**യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യാ (World Prison Population List) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണ് ഉള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിത ഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യാ മൂന്നുപേരെ വധിച്ച ഫ്രാൻസീനി എന്ന കൊലയാളിയെ “എന്റെ ആദ്യപുത്രൻ” എന്നാണ് വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: “കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ

അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏക പുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറ വാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കു, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തു നിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതി വീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

**ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും**

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Prison Ministry, India- [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രധാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ, നമ്മൾ 'അവനും

മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞു കൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാം തീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, "സ്നേഹാശ്രമം" എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെ കൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്."

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ

നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർത്ഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർത്ഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ആൽവിൻ ഡിസിൽവ**
ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

N:B: 2022 ആഗസ്റ്റ് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3735/K-5/KCBC/OL/DS

## ജസ്റ്റീസ് സൺഡേ (നീതി ഞായർ)

### 2022 ആഗസ്റ്റ് 21 ഞായർ

### കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ മാതൃരാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷം തികയുകയാണല്ലോ. ഇന്നും ഭാരതത്തിന്റെ മക്കൾ അസ്വാതന്ത്ര്യത്തിലും അസ്സമാധാനത്തിലും ദാരിദ്ര്യത്തിലും കഴിയുന്നത് എങ്ങും കാണുന്ന ഒരു യാഥാർത്ഥ്യമാണ്. അതിൽ ഏറ്റവും അധികം അസ്വാതന്ത്ര്യവും അനീതിയും അവഗണനയും വിവേചനവും അനുഭവിക്കുന്ന ജനവിഭാഗമാണ് ഭാരതത്തിലെ ക്രൈസ്തവ ജനസംഖ്യയിൽ ഭൂരിപക്ഷം (150 ലക്ഷം) വരുന്ന ദളിത് ക്രൈസ്തവർ. സുവിശേഷ വെളിച്ചം സ്വീകരിച്ചുകൊണ്ട് പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച് ക്രൈസ്തവരായിത്തീർന്ന അനേക ലക്ഷം ആളുകൾ (150 ലക്ഷം) ഭാരതത്തിൽ അങ്ങോളമിങ്ങോളം നിവസിക്കുന്നുണ്ടെന്ന കാര്യം ഏവർക്കും അറിവുള്ളതാണല്ലോ. അവരുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവുമായ ക്ലേശങ്ങളെയും വിവിധ മണ്ഡലങ്ങളിൽ അവരനുഭവിക്കുന്ന അവഗണനയേയുംപറ്റി ഭാരത കത്തോലിക്കാനേതൃത്വത്തിനു പൂർണ്ണ ബോധ്യമുണ്ട്. ഈ സാഹചര്യത്തിൽ, ഈ വിഭാഗത്തിൽപ്പെട്ട ആളുകളോടും അവരെപ്പോലെതന്നെ വിവിധ തരത്തിൽ ക്ലേശമനുഭവിക്കുന്ന മറ്റുള്ളവരോടുമുള്ള ഭാരത കത്തോലിക്കാസഭയ്ക്കുള്ള താത്പര്യവും സ്നേഹവും സഹാനുഭൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 നു ശേഷം വരുന്ന ഞായറാഴ്ച (Justice Sunday) ആചരിക്കാൻ 1986 ൽ ഗോവയിൽ കൂടിയ CBCI സമ്മേളനം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം ഈ ദിനം ആചരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ജാതിവ്യവസ്ഥിതിയും വിവിധ ആചാരങ്ങളും നിമിത്തം സമൂഹത്തിൽ നിലവിലിരിക്കുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരാകുകയെന്നതാണ്. അതോടൊപ്പം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു എന്ന ഏക കാരണത്താൽ ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് അവഗണന അനുഭവിക്കേണ്ടിവന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രശ്നപരിഹാരാർത്ഥം വിവിധ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ഗവൺമെന്റ് തലത്തിൽ

സമ്മർദ്ദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. CBCI ആഹ്വാനപ്രകാരം ഈ വർഷം ആഗസ്റ്റ് 21 Justice Sunday ആയി ഭാരതത്തിൽ ആചരിക്കുകയാണ്. നീതിക്കുവേണ്ടി പ്രത്യേകമായി നീക്കിവെച്ചിരിക്കുന്ന ഞായറാഴ്ച രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നത്. പട്ടികജാതിയിൽനിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു സഭ എത്രമാത്രം സ്നേഹത്തോടും താത്പര്യത്തോടുംകൂടിയാണ് പെരുമാറേണ്ടത് എന്നതാണ് ആദ്യത്തെ കാര്യം. രണ്ടാമത്, ഭരണഘടനാപരമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു ലഭിക്കേണ്ടതിനു സംസ്ഥാന-കേന്ദ്ര ഗവൺമെന്റ് തലങ്ങളിൽ സഭ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ്.

സമൂഹത്തിലെ താഴ്ന്ന ജാതിയിൽനിന്ന് ക്രിസ്തീയവിശ്വാസം സ്വീകരിച്ച് സഭയിലേക്കു വന്നവരാണെങ്കിലും സാമൂഹിക സാംസ്കരിക സാമ്പത്തിക വിദ്യഭ്യാസ രംഗങ്ങളിലെല്ലാം ദളിത് ക്രൈസ്തവർ പിന്നിലാണ്. ഇവരും നമ്മുടെ സഹോദങ്ങളാണെന്നു പരിഗണിച്ച് മുൻവിധികളില്ലാതെ സഭാംഗങ്ങളായ ദളിത് ക്രൈസ്തവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കേവർക്കും കടമയുണ്ട്. നമ്മുടെ കർത്താവ് അരുൾചെയ്തു: "നിങ്ങളെല്ലാവരും സഹോദരന്മാരാണ്" (മത്തായി 23/8) "നിങ്ങൾക്കൊരു പിതാവേയുള്ളൂ, സ്വർഗ്ഗസ്ഥനായ പിതാവ്" (മത്തായി 23/9), "എന്റെ ഏറ്റവും ചെറിയ സഹോദരരിൽ ഒരാൾക്കു നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" (മത്തായി 25/40). സഭയ്ക്കുള്ളിൽ താത്ത്വികമായി ജാതിതിരിവും വിവേചനവും ഇല്ലായെങ്കിലും സഭാസമൂഹത്തിൽ ഇപ്പോഴും പ്രായോഗികജീവിതത്തിൽ വിവേചനാപരമായ നിലപാടുകൾ വച്ചുപുലർത്തുന്നതായിക്കാണുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റങ്ങളുണ്ടാവണം. സത്യവും നീതിയും സാഹോദര്യവും സ്വാതന്ത്ര്യവും നമ്മുടെ അനുദിനജീവിതത്തിലും പ്രവർത്തനങ്ങളിലും പാലിക്കണം. സഭയ്ക്കുള്ളിൽ ജാതി-വർണ്ണ, വ്യത്യാസങ്ങൾ ഒന്നുമില്ല. അതേസമയം പരമ്പരാഗതമായി ചിലയിടങ്ങളിൽ ജാതിയുടെ പേരിൽ ചില ചേരിതിരിവുകൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം മാറ്റി ഈ സാധുജനവിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാമിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പുരോഗതി പ്രാപിച്ചാൽ മാത്രമേ ഇതു സാധ്യമാകൂ എന്നത് തർക്കമറ്റ സംഗതിയാണ്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം അത്യുന്നതി നേടിയിട്ടുള്ള എല്ലാ ക്രൈസ്തവരും തങ്ങളുടെ ഇടയിലുള്ള ഈ എളിയ സഹോദരങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സഭയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും അവരെ

ഉൾപ്പെടുത്താൻ ശ്രമിക്കണം. തങ്ങൾ അവഗണിക്കപ്പെടുന്നു എന്ന ചിന്താഗതി അവർക്കുണ്ടാകാൻ ഇട നൽകരുത്. പുരോഗതിയിലേക്കുള്ള അവരുടെ പ്രയാണത്തിൽ എല്ലാ വിധത്തിലും അവരെ സഹായിക്കാൻ സഭാംഗങ്ങൾ തയ്യാറാകണം. അവരുടെ ഇടയിൽനിന്ന് വൈദിക - സന്ന്യാസാന്തസ്സുകളിലേക്കുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം അല്മായ പ്രേക്ഷിതത്വത്തിനുള്ള താത്പര്യം വളർത്തുകയും വേണം.

വിവിധ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്ന നമ്മുടെ ഈ സഹോദരങ്ങൾ മറ്റുള്ളവരോടുചേർന്ന്, ഒന്നിച്ചു സഹകരിച്ചു നീങ്ങിക്കൊണ്ട് സ്വന്തം ഉയർച്ചയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഐക്യദാർഢ്യദിനത്തിൽ പൊതുയോഗങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ വഴി ഈ പ്രശ്നം എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 72 വർഷങ്ങളായി ദളിത് ക്രൈസ്തവരോടുള്ള ഈ അവഗണയുടെ കാര്യം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ബോധ്യപ്പെടുത്തുവാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരുന്നുവെങ്കിലും സഭാനേതൃത്വവും അല്മായ നേതൃത്വവും ഒത്തൊരുമിച്ചു നടത്തിയ പരിശ്രമങ്ങൾ ഭാഗികമായേ വിജയിച്ചുള്ളൂ. പട്ടികജാതിയിൽനിന്നു ക്രിസ്തുമതവിശ്വാസം സ്വീകരിച്ച ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിന് 2004 ൽ സുപ്രീം കോടതിയിൽ കേസ് കൊടുത്തുവെങ്കിലും 18 വർഷമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിസ്സഹരണംമൂലം ഒരു തീരുമാനം ഉണ്ടായിട്ടില്ല. നീതിക്കുവേണ്ടിയുള്ള ധർമസമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ജാതി-വർഗ-വർണ വ്യത്യാസം കൂടാതെ എല്ലാ പൗരന്മാർക്കും നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ഭരണഘടന ഉറപ്പു നൽകിയിരുന്നു. എങ്കിലും 72 വർഷമായിട്ടും പട്ടികജാതിയിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത ദളിത് ക്രൈസ്തവരോടു നീതി പാലിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. കടുത്ത വിവേചനത്തിന്റെ നയമാണ് ഗവൺമെന്റ് അവരോടു സ്വീകരിച്ചു വന്നിട്ടുള്ളത്. ഇന്ത്യൻ പ്രസിഡന്റ് 1950 ൽ പ്രസിദ്ധപ്പെടുത്തിയ കോൺസ്റ്റിറ്റ്യൂഷൻ ഓർഡറാണ് ഈ വിവേചനത്തിനെല്ലാം അടിസ്ഥാനം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ഇക്കാര്യം സംബന്ധിച്ച് ഒട്ടേറെ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇവയെല്ലാം കേവലം വനരോദമായിത്തീരുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാന നിയമസഭകളിലേക്കും കേന്ദ്ര-പാർലമെന്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിൽ പട്ടികജാതിക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകണമെന്നത്

മാത്രമാണ് പ്രസ്തുത ഓർഡർകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തദവസരത്തിൽ ഗവൺമെന്റ് വ്യക്തമായിരുന്നുവെങ്കിലും പിന്നീട് ആ വിധത്തിൽ പ്രവർത്തിക്കുവാൻ കൂട്ടാക്കിയില്ല.

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയിലെ അംഗങ്ങൾ എല്ലാവരും ഒരേ പിതാവിന്റെ മക്കളാണ്. സഭാസമൂഹത്തിലെ വ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും അവഗണനയും വിവേചനവും മാറ്റിയെടുക്കുവാൻ നാമൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡാത്മക സഭ രൂപീകരിക്കുന്നതിനുവേണ്ടി സഭാനവീകരണവർഷമായി 2022 കേരളസഭ ആചരിക്കുകയാണല്ലോ. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചവരാണ് നാമേവരും. ഒരേ മാമ്മോദീസായും ഒരേ വിശ്വാസവും സ്വീകരിച്ച നാം ആദിമ ക്രൈസ്തവസമൂഹത്തേപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് വിശ്വാസജീവിതം പ്രാവർത്തികമാക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നാം ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടും കൂടെ പങ്കുവയ്ക്കുന്ന ജീവിതം, വിശ്വാസം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വാസജീവിതത്തിൽ വളർന്ന് ആദിമക്രൈസ്തവസമൂഹത്തെപ്പോലെ ക്രിസ്തുനാഥനു സാക്ഷ്യം വഹിക്കുന്ന ക്രൈസ്തവസമൂഹമായി നമ്മൾ രൂപാന്തരപ്പെടണം. ഇത്തരത്തിൽ നീതിക്കുവേണ്ടി ദളിത് ക്രൈസ്തവർ നടത്തുന്ന എല്ലാ ധർമസമരങ്ങളിലും പങ്കുചേരുകയെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ഇവരുടെ ക്ഷേമത്തിനായി വിവിധ തലങ്ങളിലായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കണമെന്നും ദളിത് ക്രൈസ്തവസഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കഴിവതും സാമ്പത്തികസഹായവും സംരക്ഷണവും നൽകി വേദനിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവ സഹോദരങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുവാനും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളോടും ഒന്നുചേർന്ന് ആദ്ധ്യാത്മികമായും ഭൗതികമായും വളരാനും സ്വയം അഭിവൃദ്ധിപ്പെടാനും പരിശ്രമിക്കേണ്ടതാണ്.

ഗവൺമെന്റിന്റെ ദളിത് ക്രൈസ്തവരോടുള്ള അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ദളിത് ക്രൈസ്തവ സഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ആഗസ്റ്റ് 10 വഞ്ചനാദിനമായും ആഗസ്റ്റ് 21 'ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി നമുക്കാശിക്കാം.

കേരള കത്തോലിക്കാസഭയുടെ ദളിത് ശാക്തീകരണപ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്കാ മഹാജനസഭ വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2021-2022) എസ്.എസ്.എൽ.സി., (80%), പ്ലസ്ടു (70%), ഡിഗ്രി / പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തവിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസുകൾ എന്നിവ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽനിന്നും ശേഖരിച്ച് രൂപതാകേന്ദ്രങ്ങൾവഴി കെ.സി.ബി.സി, എസ്.സി./എസ്.റ്റി/ബി.സി കമ്മീഷൻ പേർക്ക് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവക തലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ
**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ
**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ KCBC/SC/ST/BC കമ്മീഷൻ

---

NB: 2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




1. **Appointments & Relievements:**

   **Rev. Fr. Dhil Konikara OFM Cap.:** Relieved Acting Vicar, St. Francis Xavier's Church, Karanchira & Chaplain, Karunalayam SNDS, Karanchira, w.e.f. 08/07/2022.

   **Rev. Fr. Terance Kodiyan ISch:** Appointed Second Asst. Vicar, St. Sebastian's Major Archiepiscopal Shrine Church, Thazhekad, w.e.f. 13/07/2022.

   **Rev. Fr. Jithin Jose Kalan CMI:** Appointed Second Assistant Vicar, St. Sebastian's Forane Church, Kuttikad, w.e.f. 21/07/2022.

2. **വൈദികരുടെ ജൂബിലിയാഘോഷം:** നമ്മുടെ രൂപതയുടെ വൈദിക കൂട്ടായ്മയിൽനിന്നും പൗരോഹിത്യത്തിന്റെ 50ഉം 25ഉം വർഷങ്ങൾ പിന്നിടുന്ന ബഹുമാനപ്പെട്ട അച്ചന്മാരുടെ ജൂബിലി ആഗസ്റ്റ് 11 വ്യാഴാഴ്ച കല്ലേറ്റുംകര പാക്സിൽ വച്ച് ആഘോഷിക്കുന്നു. അന്നേ ദിവസം ആഘോഷമമായ ജൂബിലി കുർബാനയിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടൊപ്പം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. പോൾ ഇളംകുന്നപുഴ, റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ, റവ. ഫാ. വർഗ്ഗീസ് ഒ. വാഴപ്പിള്ളി, സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ഷാജു കാച്ചപ്പിള്ളി, റവ. ഫാ. ലിജു പോൾ പറമ്പത്ത്, റവ. ഡോ. ആന്റോ കരിപ്പായി, റവ. ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.), റവ. ഫാ. ജോഷി പാല്യേക്കര എന്നിവരും വൈദിക സമൂഹവും സഹകാർമ്മികരാകും. തുടർന്ന് ജൂബിലിയേറിയൻസിന് ആശംസകൾ അർപ്പിക്കുന്നു. രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.30വരെയുള്ള ആഘോഷപരിപാടികളിലേക്ക് എല്ലാ വൈദികരെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

3. **സ്ഥലംമാറ്റം:** നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ആഗസ്റ്റ് 11-ാം തിയ്യതി വ്യാഴാഴ്ച, വൈദികരുടെ ജൂബിലി സമ്മേളനത്തിൽവച്ച് പരസ്യപ്പെടുത്തുന്നതും പത്തോന്തി നൽകുന്നതുമാണ്. നിയമനങ്ങൾ ലഭിക്കുന്നവർ ചാർജ്ജ് എടുക്കേണ്ടത് ആഗസ്റ്റ് 25-ാം തിയ്യതി വ്യാഴാഴ്ചയാണ്.

4. **സ്വർഗ്ഗാരോപണ തിരുനാളും, സ്വാതന്ത്ര്യദിനവും:** ആഗസ്റ്റ് 15-ാം തിയ്യതി തിങ്കളാഴ്ച മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരത സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികവും ആഘോഷിക്കുന്നു. സഭ യിലെ പ്രധാനപ്പെട്ട ദിനമായ അന്ന് കടമുള്ള ദിവസമാണ്. വി. കുർബാ നയിലും മറ്റ് തിരുകർമ്മങ്ങളിലും സംബന്ധിക്കുവാൻ എല്ലാ കത്തോ ലിക്ക വിശ്വാസികൾക്കും കടമയുണ്ട്. കടമുള്ള ദിവസമായതുകൊണ്ട് അന്നേ ദിവസം വിവാഹവാഗ്ദാനകർമ്മം അനുവദനീയമല്ല.
5. **പുതിയ കൈക്കാരന്മാർ:** തെരട്ടിനൊപ്പം പുതിയ കൈക്കാരന്മാ രുടെ പേരുകൾ സമർപ്പിച്ച് രൂപത കച്ചേരിയിൽനിന്ന് അംഗീകാരം വാങ്ങാത്ത പള്ളികൾ എത്രയും വേഗം നിയമനാംഗീകാരം വാങ്ങേ ണ്ടതാണ്. രൂപതയിൽനിന്ന് അംഗീകാരം ലഭിച്ചാൽ മാത്രമേ കൈക്കാരന്മാരുടെ നിയമനം സാധുവാകുകയുള്ളൂ. പുതിയ കൈക്കാ രന്മാർ 2022 ആഗസ്റ്റ് 15-ാം തിയ്യതി ചുമതല ഏറ്റെടുക്കേണ്ടതാണ്.
6. **മ്ശംശാനപട്ടം:** റോമിലെ Maria Mater Ecclesiae പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് ദൈവശാസ്ത്രപഠനം പൂർത്തിയാക്കി തിരി ച്ചെത്തിയ അരിപ്പാലം ഇടവകാംഗം ബ്രദർ ജോർജ്ജി തേവലപ്പിള്ളി ജൂലൈ 13-ാം തിയ്യതി, ബുധനാഴ്ച, അഭിവന്ദ്യ മാർ പോളി കണ്ണൂ ക്കാടൻ പിതാവിൽനിന്ന് മ്ശംശാന പട്ടം സ്വീകരിച്ചു. ഡീക്കൻ ജോർജ്ജിക്ക് പ്രാർത്ഥനാശംസകൾ.
7. **തടവറ പ്രേഷിതദിനം - ആഗസ്റ്റ് 14 ഞായർ:** “സമഗ്രമാനുഷിക വികാസവും തടവുകാരുടെ അജപാലനവും” എന്ന ആപ്തവാക്യ മാണ് ഈ വർഷം ഭാരത കത്തോലിക്കസഭ തടവറ പ്രേഷിതദിന ത്തിൽ ആശയമായി സ്വീകരിച്ചിരിക്കുന്നത്. തടവറ മക്കളുടെ മാന സാന്തരത്തിനും നവീകരണത്തിനും വേണ്ടി പ്രാർത്ഥിക്കാം. നിര പരാധികളും കുറ്റാരോപിതരുമായി ജയിൽ മോചിതരായവരെ പുന രധിവസിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഓർമ്മപ്പെടുത്തുന്നു.
8. **ജസ്റ്റിസ് സൺഡേ (നീതി ഞായർ) - ആഗസ്റ്റ് 21:** ദളിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യം നടത്തി അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും, ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുവാനുള്ള പരിശ്രമങ്ങളിൽ (ദളിത് വിദ്യാർത്ഥികൾ ക്കുള്ള സാമ്പത്തിക സഹായം) പങ്കുചേരുകയും ചെയ്യാം.
9. **കൊടുങ്ങല്ലൂർ - അഴീക്കോട് തീർത്ഥാടനം:** മാർതോമാശ്ലീഹാ യുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി രൂപതതലത്തിൽ 2022 ജൂലൈ 2-ാം തിയ്യതി നടത്തിയ കൊടുങ്ങല്ലൂർ - അഴീക്കോട് തീർത്ഥാടനം വിജയിപ്പി ക്കുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

10. **പഞ്ചദിന ക്യാമ്പ്:** വൈദികരുടെ പഞ്ചദിനക്യാമ്പ് ഒന്നാം ബാച്ച് സെപ്തംബർ 12 മുതൽ 16 (തിങ്കൾ - വെള്ളി) വരെയും രണ്ടാം ബാച്ച് 19 മുതൽ 23 (തിങ്കൾ - വെള്ളി) വരെയും നടത്തപ്പെടുന്നു. പങ്കെടുക്കുന്ന വൈദികരുടെ ബാച്ച് ഏതാണെന്ന് സെപ്തംബർ മാസത്തെ ബുള്ളറ്റിനിൽ കൊടുക്കുന്നതാണ്. ക്യാമ്പിൽ ചർച്ച ചെയ്യാനാഗ്രഹിക്കുന്ന ചോദ്യങ്ങൾ ഉണ്ടെങ്കിൽ ആഗസ്റ്റ് മാസത്തിൽതന്നെ പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറിയെ ഏൽപ്പിക്കുമല്ലോ.
11. **പൂർണ്ണ ദണ്ഡവിമോചനം:** മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ആചരിക്കുന്ന ഈ അവസരത്തിൽ 2022 ജൂലൈ 3 മുതൽ 2023 ജൂലൈ 3 വരെ നമ്മുടെ രൂപതാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന അഴീക്കോട് മാർതോമ പൊന്തിഫിക്കൽ തീർത്ഥാടനകേന്ദ്രത്തിൽ വന്ന് പ്രാർത്ഥിക്കുന്നവർക്ക് മാർപാപ്പ പൂർണ്ണ ദണ്ഡവിമോചനം പ്രഖ്യാപിച്ചിട്ടുണ്ട്. മാർതോമ തീർത്ഥാടനകേന്ദ്രത്തിൽ പ്രവേശിക്കുന്നതിനു ഒരുക്കമായി കൗദാശികമായി കുമ്പസാരിക്കുകയും, വി. കുർബാന സ്വീകരിക്കുകയും, മാർപാപ്പയുടെ നിയോഗാർത്ഥം ഒരു 'സ്വർഗ്ഗസ്ഥനായ പിതാവേ...' ഒരു 'നന്മ നിറഞ്ഞ മറിയമേ...' എന്നീ പ്രാർത്ഥനകൾ ചൊല്ലുകയും വേണം. രോഗികൾക്കും, പ്രായമായവർക്കും, ഏതെങ്കിലും ഗൗരവകരമായ കാരണങ്ങളാൽ അഴീക്കോട് മാർതോമ പൊന്തിഫിക്കൽ തീർത്ഥാടനകേന്ദ്രത്തിൽ എത്തിചേരാൻ സാധിക്കാത്തവർക്ക്, തിന്മയിൽനിന്ന് അകന്ന് നിൽക്കാനുള്ള ഉൽകടമായ ആഗ്രഹത്തോടെ, മേൽ പ്രസ്ഥാവിച്ച മൂന്ന് നിബന്ധനകൾ എത്രയും സാധ്യമായ സമയത്തിൽ നിർവർത്തിച്ചുകൊള്ളാം എന്ന പ്രതിജ്ഞ എടുത്തുകൊണ്ട് മാർതോമാശ്ലീഹായുടെ രൂപത്തിന്റെ മുന്നിൽ പ്രാർത്ഥിക്കുമ്പോഴും, അവരുടെ രോഗകരമായ അവസ്ഥയും, സഹനങ്ങളും, ദൈവതിരുമുമ്പിൽ സമർപ്പിക്കുമ്പോഴും ഈ പൂർണ്ണ ദണ്ഡവിമോചനം സാധ്യമാണ്.

വിശുദ്ധരുടെ ജീവിത വിശുദ്ധി വഴിയും, പ്രാർത്ഥന വഴിയും സഭയ്ക്ക് കരഗമായ അനന്തമായ സ്വർഗ്ഗീയ കൃപകളുടെ നിക്ഷേപത്തിന്റെ ഭണ്ഡാരത്തിൽനിന്ന് സഭ നമുക്ക് നൽകുന്ന ഈ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു. ഈ കാര്യം ബഹുമാനപ്പെട്ട അച്ചന്മാർ പള്ളികളിൽ അറിയിക്കുന്നത് ഉചിതമാണ്.

രൂപതാ കാര്യാലയം
20.07.2022

**മോൺ. ജോയ് പാലേ്യക്കര**
വികാരി ജനറാൾ

# ആദരാഞ്ജലികൾ

## റവ. സി. മേരി അലക്സിസ് സി.എം.സി.

**മരണം: 25.06.2022**



ഇരിങ്ങാലക്കുട രൂപത, കാട്ടൂർ ഇടവക ആലപ്പാട്ട് പാലത്തിങ്കൽ പൗലോസ് - മറിയം എന്നീ മാതാപിതാക്കളുടെ 8 മക്കളിൽ അഞ്ചാമത്തെ മകളായി റോസ (സി. മേരി അലക്സിസ്) 17.05.1922ന് ജനിച്ചു. 1940ൽ സന്യാസത്തിൽ പ്രവേശിക്കുകയും 1942ൽ ആദ്യ വ്രതാർപ്പണവും 1946ൽ നിത്യവ്രതവാഗ്ദാനവും നടത്തുകയും ചെയ്തു. 1992ൽ വ്രതബദ്ധ ജീവിതത്തിന്റെ സുവർണ്ണജൂബിലിയും 2017ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിച്ചു. ഒല്ലൂർ, കോലഴി, കണ്ടംശ്ശംകടവ്, ചെറളയം, മണല്ലൂർ, കൊടുങ്ങല്ലൂർ, വൈന്തല, പോട്ട, കാട്ടുങ്ങച്ചിറ, കാട്ടൂർ, കൊറ്റനെല്ലൂർ, എന്നിവിടങ്ങളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ചു. ഇരിങ്ങാലക്കുട ഉദയ മഠത്തിൽ വിശ്രമ ജീവിതം നയിക്കുമ്പോഴാണ് 101-ാമത്തെ വയസ്സിൽ 2022 ജൂൺ 25ന് മാതാവിന്റെ വിമലഹൃദയതിരുന്നാൾ ദിവസം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

---

## റവ. സി. ദാനിയേൽ സി.എസ്.സി.

**മരണം: 07.07.2022**



ഇരിങ്ങാലക്കുട രൂപത, വെള്ളിക്കുളങ്ങര, പരേതരായ തുലാപറമ്പൻ ഫ്രാൻസിസ് - ത്രേസ്യ ദമ്പതികളുടെ 14-ാമത്തെ മകളായ അമ്മിണി എന്ന ബഹു. സി. ദാനിയേൽ 1942 ജൂൺ 30ന് ജനിച്ചു. 1969ൽ പ്രഥമവ്രതവാഗ്ദാനവും 1973ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 1994ൽ സിൽവർ ജൂബിലിയും 2019ൽ ഗോൾഡൻ ജൂബിലിയും ആഘോഷിച്ചു. ചൊവ്വന്നൂർ, മുണ്ടത്തിക്കോട്, കൊക്കാലെ, പുലക്കാട്ടുക്കര എന്നീ സ്കൂളുകളിൽ അദ്ധ്യാപിക, പ്രധാനദ്ധ്യാപിക, പരിയാരം, കോലഴി, പുലക്കാട്ടുകര എന്നീ കോൺവെന്റുകളിൽ മദർ സുപ്പീരിയർ എന്നീ നിലകളിലും, മാളവന, ആളൂർ, പ്രതീക്ഷാഭവൻ എന്നീ മഠങ്ങളിലും സേവനം അനുഷ്ഠിച്ചു. ഇരിങ്ങാലക്കുട പ്രതീക്ഷാഭവൻ മഠാംഗമായിരിക്കെ 2022 ജൂലൈ 7 ഉച്ചതിരിഞ്ഞ് 4.30ന് അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.



## റവ. സി. ടെസി മരിയ എഫ്.സി.സി.

**മരണം: 13.07.2022**

ഇരിങ്ങാലക്കുട രൂപത, സേവിയൂർ ഇടവക പട്ടേരി തറവാട്ടിൽ പരേതനായ ലോനക്കുട്ടി-ക്ലാര ദമ്പതികളുടെ അഞ്ച് മക്കളിൽ രണ്ടാമത്തെ മകളായി 12.07.1948ൽ പൗളി ഭൂജാതയായി. തന്റെ വിളിതിരിച്ചറിഞ്ഞ് 1968ൽ തൃശൂർ എം. ഐ. കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. 03.05.1970ൽ സഭാവസ്ത്ര സ്വീകരണവും 04.05.1970ൽ പ്രഥമവ്രതവാഗ്ദാനവും നടത്തി സി. ടെസി മരിയ എന്ന നാമം സ്വീകരിച്ചു. 04.05.1976ൽ നിത്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്ററിന് 2020ൽ ഗോൾഡൻ ജൂബിലി ആഘോഷിക്കാൻ ഭാഗ്യം ലഭിച്ചു. തൃശൂർ ജൂബിലി മിഷൻ, കരാഞ്ചിറ ആരോഗ്യമാതാ, പോട്ട റോസറി, ചാലക്കുടി സെന്റ് ജെയിംസ്, എറണാകുളം ലിസ്യു, പോട്ട ധന്യ, ബാംഗ്ളൂർ സെന്റ് ജോൺസ് എന്നിവിടങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വെള്ളിക്കുളങ്ങര പ്രസന്റേഷൻ മഠത്തിൽ വിശ്രമജീവിതം നയിച്ചുവരവെ 13.07.2022ന് സ്വർഗ്ഗഗേഹം പൂകി.



## കേരള സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതിഷേധറാലിയും ലഹരിവിരുദ്ധ ജാഗ്രത സദസ്സും 2022 ജൂലൈ 30, ശനിയാഴ്ച

പ്രിയ വൈദികരേ, സന്ന്യസ്തരേ, അത്മായ സഹോദരങ്ങളേ,

കേരള സംസ്ഥാനത്ത് 242 മദ്യശാലകൾകൂടി തുറക്കാൻ ബിവറേജസ് കോർപ്പറേഷന് സർക്കാർ അനുമതി നൽകിയതായി ഈ ദിവസങ്ങളിൽ നാം പത്രങ്ങളിൽനിന്നും വായിച്ചറിഞ്ഞുവല്ലോ. 28 മദ്യശാലകൾ തൃശൂർ ജില്ലയിലാണ് ആരംഭിക്കുന്നത്. ഇത്തരം അധാർമ്മിക സംസ്കാരം വളർത്തുന്നതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടത് നമ്മുടെ ക്രൈസ്തവമായ ചുമതലയാണല്ലോ. കൊടകര, ഇരിങ്ങാലക്കുട, മാള എന്നീ ടൗണുകൾ കേന്ദ്രീകരിച്ച് യഥാക്രമം 20.06.2022; 24.06.2022; 04.07.2022 എന്നീ തിയ്യതികളിൽ നാം സംഘടിപ്പിച്ച മേഖല റാലികൾ വൻവിജയമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കട്ടെ.

ഇരിങ്ങാലക്കുട രൂപതാതല പ്രതിഷേധം 2022 ജൂലൈ 30-ാം തിയ്യതി, ശനിയാഴ്ച, ഉച്ചതിരിഞ്ഞ് 3.30ന് ചാലക്കുടി, സെന്റ് മേരീസ് ഫൊറോന പള്ളി അങ്കണത്തിൽനിന്നും തുടക്കം കുറിക്കുന്നു. നിങ്ങളോടൊപ്പം ഞാനും പ്രതിഷേധറാലിയിലും ജാഗ്രത സദസ്സിലും പൂർണ്ണമായും പങ്കെടുക്കുന്നതാണ്. എല്ലാ വൈദികരെയും സന്ന്യസ്തരെയും ഇടവകജനങ്ങളെയും ഈ പ്രതിഷേധറാലിയിലേക്കും ജാഗ്രത സദസ്സിലേക്കും ഞാൻ ക്ഷണിക്കുകയാണ്. നിങ്ങൾ ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**മാർ പോളി കണ്ണൂക്കാടൻ**

20.07.2022 ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

## രൂപത കച്ചേരിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

1. രൂപത മുദ്രപത്രത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് ഇക്കഴിഞ്ഞ വർഷങ്ങളിൽ തയ്യാറാക്കപ്പെട്ട ബഹുവർണ്ണ നിറമുള്ള പുതിയ കച്ചേരിഫോമാണ് (രൂപത മുദ്രപത്രം) ഉപയോഗിക്കേണ്ടത്. അതിനു മുൻപുള്ള കച്ചേരിഫോം അനുവദനീയമല്ല.
2. മാമ്മോദീസ/വിവാഹം എന്നീ രജിസ്റ്ററുകളിൽ പേരുകൾ തിരുത്തുവാൻ വരുമ്പോൾ മാമ്മോദീസ/വിവാഹം നടത്തിയ ഇടവകയിലെയും ഇപ്പോൾ അധിവസിക്കുന്ന ഇടവകയിലെയും ബഹു. വികാരിയച്ചന്മാരുടെ റിപ്പോർട്ടും ഒപ്പും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## അനുസ്മരണദിനങ്ങൾ
## 2022 ആഗസ്റ്റ്

| | | | |
|---|---|---|---|
| 01 | തിങ്കൾ | : | വി. അൽഫോൻസ് ലിഗോരി<br>പതിനഞ്ചുനോമ്പാരംഭം |
| 04 | വ്യാഴം | : | **വി. ജോൺ മരിയ വിയാനി** |
| 05 | വെള്ളി | : | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി<br>മാസാദ്യവെള്ളി |
| 06 | ശനി | : | **കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ** |
| 07 | ഞായർ | : | കൈത്തക്കാലം മൂന്നാം ഞായർ |
| 11 | വ്യാഴം | : | **വി. ക്ലാര** |
| 13 | ശനി | : | വി. മാക്സിമില്യൻ കോൾബേ (14 ഞായർ) |
| 14 | ഞായർ | : | കൈത്താക്കാലം നാലാം ഞായർ |
| 15 | തിങ്കൾ | : | **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ**<br>(കടമുള്ള ദിവസം)<br>**ഇന്ത്യൻ സ്വാതന്ത്ര്യദിനം** |
| 20 | ശനി | : | വി. പത്താംപിയൂസ് മാർപാപ്പ (21 ഞായർ) |
| 21 | ഞായർ | : | കൈത്തക്കാലം അഞ്ചാം ഞായർ |
| 24 | ബുധൻ | : | **വി. ബർത്തലോമിയോ ശ്ലീഹ** |
| 26 | വെള്ളി | : | വി. ശ്മോനിയും ഏഴു മക്കളും |
| 27 | ശനി | : | **വി. അഗസ്റ്റിൻ** (28 ഞായർ) |
| 28 | ഞായർ | : | കൈത്താക്കാലം ആറാം ഞായർ |
| 29 | തിങ്കൾ | : | **വി. ഏവുപ്രാസ്യാമ്മ** |

## പാക്സ്

**1. 2022 ആഗസ്റ്റ് മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 8, 9, 10 | : | Pre Cana |
| 22, 23, 24 | : | Pre Cana |

**ഫാ. ജോജി പാലമറ്റത്ത്**
ഡയറക്ടർ

1. **രക്ഷാകർത്തൃസമ്മേളനം (പി. ടി. എ.)**
   ആഗസ്റ്റ് 6-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ വച്ച് പി. ടി. എ. പ്രസിഡന്റുമാരുടെ സമ്മേളനം നടത്തുന്നതാണ്. എല്ലാ മതബോധന യൂണിറ്റുകളിലെയും പി. ടി. എ. പ്രസിഡന്റുമാർ ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.
2. **വിശ്വാസപരിശീലന യൂണിറ്റ് സന്ദർശനം**
   രൂപത മതബോധന ആനിമേറ്റേഴ്സ് ടീം അംഗങ്ങൾ ആഗസ്റ്റ് 7-ാം തിയ്യതി ഞായറാഴ്ച മുതൽ മതബോധന യൂണിറ്റുകൾ സന്ദർശിക്കുന്നതാണ്. സന്ദർശനം നടത്തുവാൻ ഉദ്ദേശിക്കുന്ന തിയ്യതി മുൻകൂട്ടി വികാരിയച്ചനെയും ഹെഡ്മാസ്റ്ററേയും അറിയിക്കുന്നതാണ്.
3. **ക്രാഷ്കോഴ്സ്**
   വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 8 (തിങ്കൾ), ആഗസ്റ്റ് 18 (വ്യാഴം) എന്നീ തിയ്യതികളിലായി ക്രാഷ് കോഴ്സിന്റെ Contact Class ഉണ്ടായിരിക്കുന്നതാണ്. സമയം രാവിലെ 9.30 മുതൽ 1.30 വരെ.
4. **'Enlight' ട്രെയിനിംഗ് ക്ലാസ്സുകൾ**
   ആഗസ്റ്റ് 7, 14, 21, 28 എന്നീ തിയ്യതികളിലായി അദ്ധ്യാപകർക്കുള്ള എൻലൈറ്റ് ട്രെയിനിംഗ് ക്ലാസ്സുകൾ വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. ക്ലാസ്സടിസ്ഥാനത്തിൽ എല്ലാ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. സമയം രാവിലെ 9.30 മുതൽ 4 മണി വരെ.
   NB: വിശുദ്ധ കുർബാന വിദ്യാജ്യോതിയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.
5. **സോഫിയ ക്വിസ് - 2022**
   2022 ആഗസ്റ്റ് 15-ാം തിയ്യതി വിദ്യാജ്യോതിയിൽ വച്ച് സോഫിയ ക്വിസ് രൂപതാതല മത്സരം നടത്തുന്നതായിരിക്കും. ഫൊറോന തലത്തിൽ വിജയികളായ വിദ്യാർത്ഥികൾ രൂപതാതല മത്സരത്തിൽ പങ്കെടുക്കുവാൻ കൃത്യസമയത്തിനു മുമ്പേ എത്തിച്ചേരേണ്ടതാണ്. സമയം: 2.00 pm

6. **നന്ദിയുടെ ഒരു വാക്ക്**

ജൂലൈ 3-ാം തിയ്യതി ഞായറാഴ്ച നടത്തിയ അവാർഡ്ദാന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ വികാരിയച്ചന്മാർക്കും, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും, അവാർഡ്ദാനത്തിന്റെ വിജയത്തിനായി സഹായിച്ച എല്ലാ ആനിമേറ്റേഴ്സിനും, സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. സമ്മാനത്തിനർഹരായ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും, ട്രോഫി കരസ്ഥമാക്കിയ യൂണിറ്റുകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ !!!

7. **'നിറക്കൂട്ട്' ഡ്രോയിംങ്ങ് വർക്ക്ഷോപ്പ്**

മതബോധന വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുവാനും, അതുവഴി വിശ്വാസ പരിശീലനത്തിനായി അവരെ ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വിദ്യാജ്യോതിയിൽ വച്ച് നടത്തിയ **'നിറക്കൂട്ട്'** - ഡ്രോയിംങ്ങ് വർക്ക്ഷോപ്പിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

8. **സ്കൂൾ മത-സന്മാർഗ്ഗബോധനം**

സ്കൂൾ മത-സന്മാർഗ്ഗബോധനം സംബന്ധമായിട്ടുള്ള വിവരശേഖരണ ഫോറം (Excel Sheet) വിദ്യാജ്യോതിയിൽ ഏൽപ്പിക്കാത്തവർ എത്രയും വേഗത്തിൽ നിങ്ങൾക്ക് നേരത്തെ അയച്ചുതന്നിരിക്കുന്ന Excel Sheet പൂരിപ്പിച്ച് വിദ്യാജ്യോതിയിലേയ്ക്ക് ഇമെയിൽ ചെയ്യേണ്ടതാണ്.

Email ID - Vidyajyothiijk@gmail.com

NB: Daily Catechism & Moral Science ചോദ്യപേപ്പറിന്റെ എണ്ണം ആഗസ്റ്റ് 10-ാം തിയ്യതിക്കു മുമ്പ് കൃത്യമായി രേഖപ്പെടുത്തി, ഒരു ചോദ്യപേപ്പറിന് 2.50/- രൂപ നിരക്കിൽ പണമടയ്ക്കേണ്ടതാണ്.

2021 - 2022 അദ്ധ്യയന വർഷത്തിൽ സ്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും, ട്രോഫി കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ജൂലൈ 1-ാം തിയ്യതി വെള്ളിയാഴ്ച നടത്തിയ അവാർഡ്ദാനചടങ്ങിൽ സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

1. ഇരിങ്ങാലക്കുട രൂപത 'ബ്ലസ്സ് എ ഹോം' പദ്ധതിയിൽ നിന്ന് 1559 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒൻപത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന് (9,92,37,633/-) രൂപ നൽകി.

2. **ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നൽകിയവർ**

| | | |
|---|---|---|
| 01. | വർഗ്ഗീസ് പോൾ, കണ്ണംമ്പുഴ | 10,000.00 |
| 02. | മോൺ. എഫ്രോം പാലത്തിങ്കൽ ട്രസ്റ്റ്, കാട്ടൂർ | 12,000.00 |
| 03. | ജോൺ ഫ്രാൻസിസ്സ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 5,000.00 |
| 04. | പുല്ലൂക്കര തോമൻ പൗലോസ് & ത്രേസ്യാക്കുട്ടി, വെളയനാട് | 20,000.00 |
| 05. | റവ. വികാർ & പാരീഷ്നേഴ്സ്, നിത്യസഹായമാതാ ചർച്ച്, മറ്റത്തൂർ | 5,000.00 |
| 06. | എസ്. എച്ച്. കോൺവെന്റ്, ഈസ്റ്റ് പുത്തൻച്ചിറ | 10,000.00 |
| 07. | സെന്റ് ജോസഫ് കോൺവെന്റ്, ഇരിങ്ങാലക്കുട | 5,000.00 |
| 08. | ബോബൻ കെ.പി., കണ്ണൂക്കാടൻ, കോട്ടാറ്റ് | 15,000.00 |
| 09. | യൂണിമണി, ഫിനാൻഷ്യൽ സർവ്വീസസ്, ഇരിങ്ങാലക്കുട | 5,000.00 |
| 10. | ജോൺ ഫ്രാൻസീസ്സ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 5,000.00 |
| 11. | വിനു മാത്യു കിഴക്കൂടൻ, പരിയാരം | 10,000.00 |
| 12. | ടി. ഐ. ജോസഫ് തണ്ടിയേക്കൽ, വല്ലക്കുന്ന് | 50,000.00 |
| 13. | പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ | 20,000.00 |
| 14. | അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി | 10,000.00 |
| 15. | മറിയം ത്രേസ്യാ ഹോസ്പിറ്റൽ ട്രസ്റ്റ്, കുഴിക്കാട്ടുശ്ശേരി | 10,000.00 |
| 16. | ഹോളി ഗ്രേയ്സ് അക്കാദമി, മാള, കുരുവിലശ്ശേരി | 10,000.00 |
| 17. | ഹോളി ഫാമിലി കോൺവെന്റ്, കുഴിക്കാട്ടുശ്ശേരി | 10,000.00 |
| 18. | ഡി പോൾ പ്രൊവിൻഷ്യൽ ഹൗസ്, പോട്ട | 10,000.00 |
| 19. | ഉദയ പ്രൊവിൻഷ്യൽ ഹൗസ്, ഇരിങ്ങാലക്കുട | 5,000.00 |
| | **ആകെ** | **2,27,000.00** |

**ഫാ. സീജോ ഇരിമ്പൻ**
ഡയറക്ടർ

**1. 2022 ആഗസ്റ്റ് മാസത്തെ പരിപാടികൾ**

07 : ആദ്യഞായർ കൂട്ടായ്മ & ഫോളോ അപ്പ്

08 : അവധി

09 : സ്റ്റാഫ് മീറ്റിങ്ങ് & പ്രാർത്ഥനാദിനം

13–20 : ലഹരിമോചന പരിശീലന ക്യാമ്പ്

15 : അവധി

23 : റിസോഴ്സ് ടീം മീറ്റിങ്ങ്

25 : ഔട്ട്റിച്ച് പ്രോഗ്രാം

25 : ഫീൽഡ് വിസിറ്റ്

27 : എ.എ. ഗ്രൂപ്പ് ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ്

**2. ഇന്നലെകൾ**

ജൂലൈ മാസത്തെ ആദ്യഞായർ കൂട്ടായ്മയിൽ 72 പേർ പങ്കെടുത്തു. ദിവ്യബലിയും വചനസന്ദേശവും, ഗ്രൂപ്പ് ഷെയറിങ്ങും നടത്തി. ഭക്ഷണത്തോടെ എല്ലാവരും പിരിഞ്ഞു. 358-ാമത്തെ ലഹരിമോചന പരിശീലന ക്യാമ്പിൽ 57 പേർ പങ്കെടുത്ത് തിരിച്ചുപോയി. ക്യാമ്പിലെ കുടുംബദിനത്തിൽ 9 പേരെ ലഹരിവിമുക്ത ജീവിതത്തിന്റെ മെഡൽ നൽകി ആദരിച്ചു. ക്യാമ്പംഗങ്ങളുടെ 46 ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ടതായ നിർദ്ദേശങ്ങൾ നൽകി. ക്യാമ്പിലെ വെള്ളിയാഴ്ച അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ദിവ്യബലിയും വചനസന്ദേശവും നൽകി. എല്ലാവർക്കും വേണ്ടി പ്രത്യേക പ്രാർത്ഥനയും നടത്തി. ജപമാലയും, മധുരവും നൽകി.

നവചൈതന്യ ഡയറക്ടരായ റവ. ഫാ. ജോൺ പോൾ ഈയ്യന്നത്തിന്റെ നാമഹേതുക തിരുനാൾ (24.06.2022) അഭിവന്ദ്യ പോളി പിതാവും, സ്റ്റാഫംഗങ്ങളും, ക്യാമ്പംഗങ്ങളും ചേർന്ന് സമുചിതമായി ആഘോഷിച്ചു. പിതാവ് പൂച്ചെണ്ട് നൽകി തിരുനാൾ ആശംസകൾ നേർന്നു. തുടർന്ന് കേക്ക് മുറിച്ച് എല്ലാവരും മധുരം കഴിച്ച് തിരുനാൾ മംഗളങ്ങൾ നേർന്നു. അഭിവന്ദ്യ പോളി പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ നവചൈത്യ ഡയറക്ടറും സ്റ്റാഫംഗങ്ങളും ചേർന്ന് തിരുനാൾ ആശംസകളും പ്രാർത്ഥനകളും നേർന്നു.

**ഫാ. ജോൺ പോൾ ഈയ്യന്നം**
ഡയറക്ടർ

## സ്പിരിച്ച്വാലിറ്റി സെന്റർ

1. **ആരാധന**
   തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വിശുദ്ധ കുർബ്ബാന, തുടർന്ന് വൈകീട്ട് 4.30 വരെ നിത്യാരാധന. വൈകീട്ട് 5 ന് വി. കുർബാന.
2. **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും**
   എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണിവരെ വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, ബന്ധനമോചന ശുശ്രൂഷകൾ.
3. **പ്രേഷിത കൂട്ടായ്മ**
   ആഗസ്റ്റ് 11-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക്.
4. **ജെറീക്കോ പ്രർത്ഥന**
   ആഗസ്റ്റ് 13-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബ്ബാനയ്ക്കുശേഷം.
5. **പ്രാർത്ഥന നിയോഗങ്ങൾ**
   ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ആഗസ്റ്റ് മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കുന്ന വൈദികരുടെ പേരുകൾ.

1. Rev. Fr. Varghese Chalissery
2. Rev. Fr. Vincent Chalissery
3. Rev. Fr. Bency Cheenan
4. Rev. Fr. Vincent Chembakassery
5. Rev. Fr. Devis Chenginiyadan
6. Rev. Fr. Jomin Cheradai
7. Sunday
8. Rev. Fr. Pius Cherapanath
9. Rev. Fr. Ajith Cheriakkara
10. Rev. Fr. Benny Cheruvathur
11. Rev. Fr. Joseph Cheruvathur
12. Rev. Fr. Joyal Cheruvathur
13. Rev. Fr. Andrews Chethalan
14. Sunday
15. Feast Day
16. Rev. Fr. George Chiramal
17. Rev. Fr. Benjamin Chirayath
18. Rev. Fr. Clement Chirayath
19. Rev. Fr. Shaju Chirayath
20. Rev. Fr. Charles Chitattukarakkaran
21. Sunday
22. Rev. Fr. Femin Chittilappilly
23. Rev. Fr. Ignatius Chittilappilly
25. Rev. Fr. Lijo Chittilappilly
26. Rev. Fr. Sinto Chittilappilly
27. Rev. Fr. Aji Chungath
28. Sunday
29. Rev. Fr. Anto Chungath
30. Rev. Fr. Ignatius Chungath
31. Rev. Fr. John Edattukaran

**മോൺ. ജോസ് മഞ്ഞളി**
റെക്ടർ

**ഫാ. ജെയ്സൻ പാറേക്കാട്ട്**
ജോയിന്റ് റെക്ടർ

**2022 ജൂൺ**

22 **പുതിയ വിദ്യാർത്ഥികൾക്ക് സ്വീകരണം:** മൈനർ സെമിനാരിയിലേക്കുള്ള ആദ്യവർഷ 11 വിദ്യാർത്ഥികൾ സെമിനാരിയിൽ പ്രവേശിച്ചു. അഭിവന്ദ്യ പിതാവ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

24 **തിരുഹൃദയ തിരുനാൾ ആഘോഷിച്ചു:** തിരുഹൃദയതിരുനാൾ ദിനത്തിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും സെമിനാരി വെഞ്ചിരിക്കുകയും ചെയ്തു.

29 **സെന്റ് പോൾസ് ദിനാചരണം:** സെമിനാരിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുനാളും അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളും സംയുക്തമായി ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. വി. കുർബാനയ്ക്ക് അഭിവന്ദ്യ പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന കൂട്ടായ്മയിൽ അദ്ധ്യാപകരും, സെമിനാരിയുടെ സഹകാരികളായ വൈദികരും, തിരുഹൃദയ ഭവൻ, ജോൺപോൾ ഭവൻ എന്നീ സെമിനാരികളിലെ അച്ചന്മാരും വിദ്യാർത്ഥികളും, റീജൻസി ബ്രദേഴ്സും പങ്കുചേർന്നു.

**2022 ജൂലൈ**

03 **ദുക്റാന തിരുനാൾ:** തിരുനാൾ തിരുകർമ്മങ്ങൾക്ക് സെമിനാരി റെക്ടർ ഫാ. ഡേവിസ് കിഴക്കുംതല നേതൃത്വം നൽകി. അന്നേദിവസം കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന തിരുനാൾ ആഘോഷങ്ങളിൽ സെമിനാരി വിദ്യാർത്ഥികൾ പങ്കെടുത്തു.

09 **ജെയിംസ് പിതാവിന്റെ അനുസ്മരണം:** കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന അനുസ്മരണ ബലിയിലും തിരുകർമ്മങ്ങളിലും സെമിനാരി കുടുംബം പങ്കുചേർന്നു.

11 മൈനർ സെമിനാരിയിൽ ജെയിംസ് പിതാവിന്റെ അനുസ്മരണം നടത്തി. തിരുകർമ്മങ്ങൾക്ക് സെമിനാരി റെക്ടറർ ഫാ. ഡേവിസ് കിഴക്കുംതല നേതൃത്വം നൽകി. അഭിവന്ദ്യ പിതാവ് ഉപയോഗിച്ചിരുന്ന മുറി പ്രാർത്ഥനാപൂർവ്വം സന്ദർശിക്കുകയും അവിടെ ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

13 **ഡീക്കൻപട്ടം സ്വീകരണം:** അരിപ്പാലം ഇടവകയിൽനിന്നുള്ള ബ്രദർ ജോർജ്ജി തേലപ്പിള്ളി അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷകൾക്ക് മദ്ധ്യേ ഡീക്കൻപട്ടം സ്വീകരിച്ചു.

**മാസധ്യാനം:** ജൂലൈ മാസത്തെ ധ്യാനത്തിന് കയ്പമംഗലം പള്ളി വികാരി ഫാ. സോജോ കണ്ണമ്പുഴ നേതൃത്വം നൽകി.

**സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1. | പാവനാത്മ പ്രൊവിൻഷ്യൽ ഹൗസ്, കല്ലേറ്റുംകര | 75,000 |
| 2. | തോമസ് പൗലോസ് നരേപറമ്പിൽ, കല്ലേറ്റുംകര | 30,000 |
| 3. | ചാലക്കുടി ഫൊറോന മതബോധന യൂണിറ്റ് | 25,000 |
| 4. | ഷാജൻ കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 25,000 |
| 5. | ഷാജു ആഗസ്തി, ഉറുവത്ത്, പറപ്പൂക്കര | 25,000 |
| 6. | ജോൺ ജോർജ്ജ് തെക്കേക്കര, ഊരകം | 25,000 |
| 7. | സൈജൻ ആന്റണി കുയിലാടൻ, കനകമല | 25,000 |
| 8. | വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഇരിങ്ങാലക്കുട | 15,000 |
| 9. | തണ്ടിയേക്കൽ ലോനപ്പൻ ജോർജ്ജ്, കല്ലേറ്റുംകര | 5,000 |
| 10. | സി.എ. ഡേവിസ് & മേഴ്സി, ചിറ്റിലപ്പിള്ളി, കാട്ടൂർ | 5,000 |

**ഫാ. ഡേവിസ് കിഴക്കുംതല**

റെക്ടർ

---




## 2022 August

### Birth Days

| | | | |
|---|---|---|---|
| **01** | Rev. Fr. Kokkatt Joju | **24** | Rev. Fr. Aricatt Varghese (Jr.) |
| **04** | Rev. Fr. Menoth Joby | | Rev. Fr. Manjaly Antony |
| **10** | Rev. Fr. Menachery Johny | **26** | Rev. Fr. Cheruvathur Joyal |
| | Rev. Fr. Ukken Naveen | | Rev. Fr. Chungath Ignatius |
| **12** | Rev. Fr. Puthenveettil Raphael | **28** | Rev. Fr. Alappadan Antu |
| **14** | Rev. Fr. Chakkalackal Arun | | Rev. Fr. Aricatt Varghese (Sr.) |
| | Rev. Fr. Mekkadath Manoj | **29** | Rev. Fr. Chethalan Andrews |
| **17** | Rev. Fr. Parassery Anto | | Rev. Fr. Vithayathil Joseph |

### Feast Days

| | | | |
|---|---|---|---|
| **21** | Rev. Fr. Cherapanath Pius | 29. | Rev. Fr. Kadambatt Joy |

8-12 June 2022

# Mar Raphael Thattil's words of appreciation after visiting Silchar Mission

Dear Rev. Fathers, Titus, Benjamin, Joy, Joseph, Akhil and beloved Sisters,

Greetings of love and prayer from Thattil Pithavu! "No words would be sufficient to express my heartfelt appreciation and thanks to your hard work in the Syro-Malabar Mission of Silchar. I thank you very much for your care and accompaniment during my visit. This is to put in words, what I had experienced during my recent visit to Silchar Mission. My impression after visiting the Mission is extraordinary, exciting and enriching. St.Paul's Syro-Malabar Mission, Silchar under the patronage of Diocese of Irinjalakuda was inaugurated in June 2020. I remember with great satisfaction my presence with Bishop Pauly Kannukadan on that occasion. Then, it was small like a mustard seed. Even in the midst of Covid adversities, the Mission is grown in a short span of time to a big tree with many branches of ministries of pastoral care and evangelization. By this visit, I could see with my own eyes the great growth and developments of this Mission. There is a small presence of Syro-Malabar Migrant communities in the cities of Silchar and Agarthala. They are well taken care off. Besides these two migrant pastoral ministries, the entire mission is dedicated to *ad gentes* missionary ministries, totally fresh and new initiatives of evangelization. *Ad gentes* mission ministries in the villages of Manughatt, Khowai, Champknagar, Khumalwng, Horkung, Kunjumura, Dharkai, Mohanpur are as whole totally new evangelization missions. The number of baptism and active participation of the faithful in each center prove the effective infiltration of our missionaries in the local villages. More villages are lining up with joy and enthusiasm to know and accept Jesus. They sincerely wait to accept Jesus and come with joy to the Church. I had the fortune to lay the foundation stones to five new village churches in different centers. Fathers and sisters are doing such a committed hard work in the Missions, to stay with the sheep, to guide them to green pastures of sacraments and salvation. The social work, health care ministries, educational initiatives, human empowerment activities make our presence affective and effective. All the mis-

sionaries are fluent with local language Korbrock and hence our Fathers and Sisters are not strangers, rather accepted as their own brothers and friends by the villagers. The children, youth are so well taken care off and exceptionally motivatated. They are active and alive in the communities and church activities. My appreciation has no limit to the hard work of the Fathers, Sisters and Catechists. Hearty congratulations! The involvement of the priests and parishes of Irinjalakuda diocese in this Mission is found extraordinary and excellent. The patronage of priests, parishes, laity are to be admitted and admired. Their support is a great encouragement for the growth of this Mission. The paternal accompaniment, encouragement and leadership given by Bishop Pauly Kannookadan is to be appreciated beyond boundaries and words. I do register my appreciation and gratitude to all the Provincial superiors of Religious congregations for taking pain and doing their best for the success of Silchar Mission. After having gone through the different missions, I lack words to express my sentiments of joy and satisfaction. The steady growth of the Mission is exceptional. I thank you for taking the Silchar Mission so close to your heart and soul. Your physical, spiritual and financial involvement to own up this Mission is exceptionally excellent. Thank you once again! My prayers are with you always! “Keep me and the diocese of Shamshabad in your prayers

Yours in Christ

**+ Raphael Thattil**
Bishop of Shamshabad

---



## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജോർജ്ജ് മാളിയേക്കൽ (Sr.) | 16.08.1984 |
| റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി (Sr.) | 24.08.1993 |
| റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായി | 28.08.1996 |
| മാർ ജോസഫ് ഇരിമ്പൻ | 23.08.1997 |
| റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി | 28.08.2004 |
| റവ. ഫാ. ജോസഫ് പടമാടൻ | 28.08.2006 |
| റവ. ഫാ. പോൾ ചിറയത്ത് | 21.08.2015 |
| റവ. ഫാ. സിറിയക് അമ്പൂക്കൻ | 31.08.2016 |
| റവ. ഫാ. പോൾ ചെറുവത്തൂർ | 22.08.2018 |
| റവ. ഫാ. ജോസ് എ. ചിറ്റിലപ്പിള്ളി | 10.08.2019 |
| റവ. ഫാ. ജോസ് കെ. ചിറ്റിലപ്പിള്ളി | 05.08.2021 |




## 2022 ജൂൺ

| | | | |
|---|---|---|---|
| 21 | 07.15 | am | കല്ലേറ്റുംകര, പാക്സിൽ വി. കുർബാന അർപ്പിച്ചു. |
| | 07.00 | pm | ആളൂർ, തിരുഹൃദയഭവൻ സെമിനാരിയിൽ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് പ്രാർത്ഥനകൾ നടത്തി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 22 | 06.30 | am | കാട്ടുങ്ങച്ചിറ, ഷേൺസ്റ്റാട്ട് കോൺവന്റിൽ വി. കുർബാന അർപ്പിച്ചു. |
| | 10.30 | am | ഇരിങ്ങാലക്കുട, യൂണിമണി എക്സ്ചേഞ്ച് വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി. |
| | 03.00 | pm | ഇരിങ്ങാലക്കുട, സെന്റ് പോൾസ് മൈനർ സെമിനാരിയിൽ പുതുതായി ചേരുന്ന വൈദികാർത്ഥികളെ സ്വാഗതം ചെയ്ത് കൊണ്ടുള്ള പ്രാർത്ഥനാശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| 23 | 06.30 | am | ഇരിങ്ങാലക്കുട, പ്രതീക്ഷ ഭവനിൽ വി. കുർബാന അർപ്പിച്ചു. |
| | 11.00 | am | ഇരിങ്ങാലക്കുട, ക്രൈസ്റ്റ് എൻജിനിയിറിങ്ങ് കോളേജിൽ ദീപികയുമായി ചേർന്നുള്ള കരിയർ ഗൈഡൻസ് ക്ലാസ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 02.30 | pm | കുഴിക്കാട്ടുശ്ശേരി, മറിയം ത്രേസ്യ തീർത്ഥാടനകേന്ദ്രത്തിൽ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 06.00 | pm | ഇരിങ്ങാലക്കുട, ലേഡീസ് ഓഫ് ഷേൺസ്റ്റാട്ടിൽ വി. കുർബാന അർപ്പിച്ചു. |
| 24 | 07.00 | am | ആളൂർ, നവചൈതന്യയിൽ വി. കുർബാന അർപ്പിച്ചു. |
| | 11.00 | am | ഇരിങ്ങാലക്കുട, സ്പിരിച്ചാലിറ്റി സെന്ററിൽ വി. കുർബാന അർപ്പിച്ചു. |
| | 03.00 | pm | ചാലക്കുടി, അവാർഡ് ഭവനിൽ തിരുഹൃദയപ്രതിഷ്ഠ നടത്തി. |
| | 04.30 | am | ഇരിങ്ങാലക്കുട മേഖലയിലെ ലഹരി വിരുദ്ധ പ്രതിഷേധ റാലിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 25 | 07.00 | am | കുറ്റിക്കാട്, സെന്റ് സെബാസ്റ്റ്യൻ ഫൊറോനയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും, കാരുണ്യ ഭവനത്തിന്റെ വെഞ്ചിരിപ്പ് നിർവഹിക്കുകയും ചെയ്തു. |
| | 10. 00 | am | മണ്ണൂക്കാട് പള്ളിയിൽ കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നിർമ്മിച്ച കാരുണ്യഭവനത്തിന്റെ വെഞ്ചിരിപ്പ് നടത്തി. |
| | 11.00 | am | ചാലക്കുടി, എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. |

| | | | |
|---|---|---|---|
| | 04.30 | pm | ഇരിങ്ങാലക്കുട, ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ സി. അലക്സിസ് സി.എം.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| 26 | 09.30 | am | ആനന്ദപുരം, സാൻജോസദനിൽ വി. കുർബാന അർപ്പിക്കുകയും പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു. |
| | 12.05 | am | തുറവ് പള്ളിയിൽ വിവാഹം ആശീർവദിച്ചു |
| 27 | 06.30 | am | പോട്ട, ഡി പോൾ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 10.30 | am | മാള, ഹോളിഗ്രെയ്സ് അക്കാദമിയിൽ ഓൺലൈൻ റേഡിയോ ചാനലിന്റെയും ഫോറിൻ ലാഗേജ് ക്ലാസ്സിന്റെയും ഉദ്ഘാടനം നിർവഹിച്ചു. |
| | 02.00 | pm | സോഷ്യൽ ആക്ഷൻ ജനറൽബോഡി മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. |
| 29 | 07.15 | am | ഇരിങ്ങാലക്കുട, കത്തീഡ്രലിൽ സെന്റ് പോളിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 04.00 | pm | മാപ്രാണം, ഹോളിക്രോസ് പള്ളിയിൽ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| | 06.00 | pm | ഇരിങ്ങാലക്കുട, മൈനർ സെമിനാരിയിൽ സെന്റ് പോളിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| 30 | 02.30 | pm | പൂവത്തുശ്ശേരി, സെന്റ് ജോസഫ് പള്ളിയിൽ ബഹു. സീജോ ഇരുമ്പനച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |

## 2022 ജൂലൈ

| | | | |
|---|---|---|---|
| 01 | 10.30 | am | മാള, ബി.എഡ്. കോളേജിൽ വി. കുർബാന അർപ്പിച്ച് വെഞ്ചിരിപ്പ് നടത്തുകയും മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| | 02.00 | pm | ഇരിങ്ങാലക്കുട, വിദ്യാജ്യോതിയിൽ സ്കൂൾ മതബോധന അവാർഡ് ദാനചടങ്ങ് ഉദ്ഘാടനം നിർവഹിച്ചു. |
| 02 | 09.00 | am | കൊടുങ്ങല്ലൂർ, മാർ തോമാശ്ലീഹയുടെ 1950-ാം രക്തസാക്ഷിത്വ ജൂബിലി ആചരണത്തിന്റെ ഭാഗമായി അഴീക്കോട് പദയാത്ര നയിക്കുകയും വി. കുർബാനയിൽ പങ്കുചേരുകയും ചെയ്തു |
| | 06.30 | pm | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ പുതുതായി നിർമ്മിച്ച ഹാൾ വെഞ്ചിരിച്ചു. |
| 03 | 07.30 | am | ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ മാർ തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനക്ക് കാർമ്മികത്വം വഹിച്ചു. |
| | 10.00 | am | അമ്പഴക്കാട്, ഫൊറോനയിൽ മാർ തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. |

| | | | |
|---|---|---|---|
| | 02.00 | pm | ഇരിങ്ങാലക്കുട, വിദ്യാജ്യോതിയിൽ സൺഡേ ക്യാറ്റിക്കിസം അവാർഡ് ദാനം ഉദ്ഘാടനം ചെയ്തു. |
| | 05.00 | pm | പറപ്പൂക്കര, ഫൊറോന പള്ളിയിൽ മാർ ജോയ് ആലപ്പാട്ട് ചിക്കാഗോ രൂപതാ മെത്രാനായി സ്ഥാനാരോഹണം ലഭിച്ചത് പരസ്യപ്പെടുത്തി, നന്ദി സൂചകമായി സ്തോത്ര ഗീതം ആലപിച്ചു. |
| | 06.00 | pm | പുത്തൻചിറ, ഫൊറോന പള്ളിയിൽ വി. കുർബാന അർപ്പിച്ചു. |
| 04 | 10.30 | am | കൊറ്റനെല്ലൂർ, ആശാനിലയത്തിൽ ജൂബിലിയുടെ ഭാഗ മായുള്ള മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.30 | pm | മാളയിൽ കട വെഞ്ചിരിപ്പ് നടത്തി |
| | 04.30 | pm | മാള മേഖലയിലെ ലഹരി വിരുദ്ധ പ്രതിഷേധ റാലിയുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 05 | 07.15 | am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി |
| 06 | 07.15 | am | കല്ലേറ്റുംകര, പാക്സിൽ വി. കുർബാന അർപ്പിച്ചു |
| 07 | 2.15 | pm | കല്ലേറ്റുംകര, പാക്സിൽ കെ.സി.എസ്.എൽ ആനിമേറ്റേഴ്സ് മീറ്റിൽ സന്ദേശം നൽകി. |
| 08 | 06.30 | am | ഇരിങ്ങാലക്കുട, ലിറ്റിൽ ഫ്ളവർ കോൺവൻറിൽ വി. കുർബാന അർപ്പിച്ചു. |
| | 10.00 | am | കൊടകര, സഹൃദയ എൻജിനീയറിങ്ങ് കോളേജിൽ 'ഗ്രാജുവേഷൻ ഡേ' മീറ്റിംഗിന്റെയും കോളേജ് ഡേയുടെ യും ഉദ്ഘാടനകർമ്മം നിർവഹിച്ചു. |
| | 04.30 | pm | തൂമ്പാക്കോട്, ചാരിറ്റി കോൺവന്റിൽ റവ. സി. ഡാനിയേ ലിന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| 09 | 07.00 | am | പോട്ട, ലിറ്റിൽ ഫ്ളവർ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 10.30 | am | കടപ്പുറം, സെന്റ് സെബസ്റ്റ്യൻ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 12.15 | pm | ഇരിങ്ങാലക്കുട, സെന്റ് ജോസഫ് കോളേജിൽ ടീച്ചേഴ്സ് ഗിൽഡ് സംഗമത്തിൽ വി. കുർബാന അർപ്പിച്ചു. |
| | 05.00 | pm | ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുസ്മരണാർത്ഥം വി. കുർബാന അർപ്പിച്ചു. |
| 10 | 06.30 | am | കുഴിക്കാട്ടുശ്ശേരി, മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും മദർ തെരേസ ട്രസ്റ്റ് ജൂബിലി വാർഷികത്തിൽ പങ്കെടുക്കുകയും ചെയ്തു. |
| | 12.00 | pm | ചൗക്ക, സെന്റ് മേരീസ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 01.15 | pm | അന്നനാട് പള്ളിയിൽ നവദമ്പതികൾക്ക് ആശംസകൾ നേർന്നു. |

| | | | |
|---|---|---|---|
| | 03.00 | pm | ചിറ്റിശ്ശേരിയിൽ ബ്രദർ പോളി എം.എം.ബി.യുടെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| | 06.30 | pm | ഇരിങ്ങാലക്കുട, മദർ തെരേസ കുടുംബയൂണിറ്റിന്റെ വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 11 | 07.00 | am | ചൗക്ക പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 10.00 | am | ആളൂർ, ബി.എൽ.എം.ൽ ദൈവാലയ ശുശ്രൂഷികളുടെ കൂട്ടായ്മയിൽ വി. കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| 13 | 06.45 | am | ഇരിങ്ങാലക്കുട, മൈനർ സെമിനാരിയിൽ ബ്രദർ ജോർജ്ജിയുടെ ഡീക്കൻ പട്ടം നൽകൽ ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. |
| | 03.00 | pm | വെള്ളികുളങ്ങര, എഫ്.സി.സി. കോൺവന്റിൽ സി. ടെസ്സി മരിയയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| 14 | 06.30 | am | അൽവേർണിയ കോൺവന്റിൽ വി. കുർബാന അർപ്പിച്ചു. |
| | 10.00 | am | കല്ലേറ്റുംകര, പാക്സിൽ ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 | pm | ഇരിങ്ങാലക്കുട, കത്തീഡ്രൽ പള്ളിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | | | തിരുവനന്തപുരം, സീറോ മലങ്കര കത്തീഡ്രൽ പള്ളിയിൽ ബിഷപ്പ് ആന്റണി കാക്കാനാടിന്റെയും ബിഷപ്പ് മാത്യു മലങ്കരകാവിലിന്റെയും മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. |
| 16 | 06.30 | am | മേലഡൂർ പള്ളിയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 11.00 | am | കാട്ടൂർ പള്ളിയിൽ മരിച്ചവരുടെ അനുസ്മരണാർത്ഥം വി. കുർബാന അർപ്പിച്ചു. |
| | 12.30 | pm | കൊടകര, സഹൃദയ എൻജിനീയറിങ്ങ് കോളേജിൽ എൻ.ബി.എ. അക്രഡിറ്റേഷൻ ടീമിനെ സന്ദർശിച്ചു. |
| | 05.00 | pm | എടതിരുത്തി ഫൊറോന പള്ളിയിൽ കാർമ്മൽ ഡേയുടെ ഭാഗമായി വി. കുർബാന അർപ്പിച്ചു. |
| 17 | 03.30 | pm | കൊന്നക്കുഴി, എം.സി.ബി.എസ്. ആശ്രമത്തിൽ വി. കുർബാന അർപ്പിക്കുകയും ചാപ്പൽ കൂദാശ കർമ്മം നിർവഹിക്കുകയും ചെയ്തു. |
| 19 | 07.15 | am | കല്ലേറ്റുംകര, പാക്സിൽ വി. കുർബാന അർപ്പിച്ചു |
| 20 | 11.00 | am | പൊന്നൂക്കര, മർത്ത കോൺവന്റിൽ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 02.30 | pm | കുറ്റിക്കാട്, ഹയർ സെക്കൻഡറി സ്കൂളിൽ മെറിറ്റ് ഡേ മീറ്റിംഗ് ഉദ്ഘാടനം നിർവഹിച്ചു |
| | 06.30 | pm | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റൽ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |

St. James' Hospital,
Chalakudy

WE FOSTER HEALTH



### FIRST TIME IN KERALA

# CEREBRAL PALSY CLINIC

## Clinic Working Hours

**Every 2nd & 4th Saturday**
**09.00 am to 11.00 am**

## Our Team

**Dr. Binoy PS**
(Hand & Micro Surgeon)

**Dr. Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr. Aaron George**
(Paediatrician & Neonatologist)

**Dr. Varghese Antony Pallan**
(Neurologist)

**Sr. Akshaya CSS**
(Physiotherapist)



For Enquires ;
+91- 480 2710 271, 2710 571

Annual Sub. 200/-

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.07.2022
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2021-2023
Posted at R.M.S. Irinjalakuda

KALPARAMBU



IRINJALAKUDA





KODAKARA



EDATHIRUTHY



KUTTIKAD





CHALAKUDY



MALA



AMBAZHAKAD



PARAPPUKARA



PUTHENCHIRA



SILCHAR MISSION



KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA, THRISSUR Dist., KERALA, 680 121, and edited by FR. ANISH PELLISSERY

